കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.6)1701/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി.20/01/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-21 എന്ന ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.6)1701/2019 തീയതി:20/01/2020

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.09.2018 മുതൽ 14-10-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നും 01-04-2018 മുതൽ 31-03-2019 തിയ്യതി വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 30.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റഫി ജോൺ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| | ശ്രീമതി.ലിഷ.കെ.വി. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ സി. | സീനി.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സുമ വി.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സതീശൻ.കെ.കെ. | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീ.വി.ആന്റണി | 1.04.2018-27.06.2018 FN |
| | ശ്രീ.ജോൺ.പി.ആർ | 27.06.2018 AN-16.03.2019 |
| | | |

| | | |
|---|---|---|
| സെക്രട്ടറി ഇൻ ചാർജ്ജ് | ശ്രീമതി.മായാദേവി.കെ | 17.03.2019-31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി.രജിന | 01.04.2018-31.03.2019 |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീമതി.സീമ ടി.എസ് | 01.04.2018-11.03.2019 F.N |
| | ശ്രീ.നിശാന്ത് പി.എസ് | 11.03.2019 A.N-31.03.2019 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.ജിതേഷ് പി.എം | 1.04.2018-10.10.2018 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.പ്രിയ പനക്കൽ | 11.10.2018-10.03.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.സ്മിത കൊച്ചുമോൻ | 11.03.2019-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ശ്രീമതി.ഉമ കെ.ശങ്കർ | 01.04.2018-31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.സലിൽ. യു | 01.04.2018-31.03.2019 |
| വി.ഇ.ഒ. | ശ്രീ.നിഖിൽ.കെ | 1.04.2018-6.04.2018 |
| | ശ്രീമതി.രജന ടി.ആർ | 6.04.2018-20.03.2019FN |
| | ശ്രീ.ഷൈജിത്ത്.ഐ | 20.03.2019AN-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലളിത വി.പി | 01.04.2018-31.03.2019 |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ.കെ.എ.ഉല്ലാസ് കുമാർ | 1.04.2018-19.04.2018 |
| അസിസ്റ്റൻറ് സെക്രട്ടറി- ഇൻ ചാർജ്ജ്(Head Clerk) | ശ്രീമതി.പ്രസന്ന .പി.വി | 19.04.2018-26.06.2018 |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി.മായാദേവി.കെ | 26.06.2018-31.03.2019 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |

| | | |
|---|---|---|
| | (റസീറ്റ് &പേമെന്റ് പ്രകാരം) | |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് രൂപീകരണം | 1-12 |
| 13 | അനുമതിയില്ലാത്ത നിർമ്മാണ പ്രവൃത്തികൾ | 1-13 |
| 14 | വസ്തു നികുതി ,ക്രമവത്ക്കരണ ഫീസ് എന്നിവ കണക്കാക്കിയതിലെ വ്യത്യാസം | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-15 |
| 16 | തൊഴിൽ നികുതി - നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ നിർദ്ദേശത്തിനുമെതിരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം | 1-16 |
| 17 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ അപാകതകൾ | 1-17 |
| 18 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വിലയിനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കാൻ നടപടികളെടുക്കേണ്ടതാണ് | 1-18 |
| 19 | പദ്ധതി ഉപേക്ഷിക്കൽ | 1-19 |
| 20 | പുറമ്പോക്ക് ഭൂമി കൈയ്യേറ്റം - പഞ്ചായത്ത് കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്. | 1-20 |
| 21 | ആധുനിക ക്രിമറ്റോറിയം - മുൻകൂർ അനുമതിയുടെ അഭാവം | 1-21 |
| 22 | ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-22 |
| | | |

| | | |
|---|---|---|
| 23 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ | 1-23 |
| 24 | സമഗ്ര നെൽ കൃഷി വികസനം പദ്ധതി-ഗുണഭോക്തൃ വിഹിതം പാടശേഖര സമിതികൾ വഴി ഈടാക്കി | 1-24 |
| 25 | തനതു ഫണ്ടിൽ നിന്നുള്ള ചെലവുകൾ -അപാകതകൾ | 1-25 |
| 26 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികളുടെ ഓഡിറ്റ്- അപാകതകൾ | 1-26 |
| 27 | വി ഇ ഒ നിർവഹണോദ്യോഗസ്ഥനായ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-27 |
| | ഭാഗം -2 | |
| | ഇല്ല | |
| | ഭാഗം-3 | |
| | ഇല്ല | |
| ഭാഗം 4- | | |
| 28 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 29 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-2 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 36 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |
| 40 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം -2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തിലെ ബജറ്റ് 26/03/2018തിയ്യതിയിലെ 3(3)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 149497002 രൂപയും ചെലവ് 148810502 രൂപയുമാണ്. പുതുക്കിയ ബജറ്റ് 05/02/2019 തിയ്യതിയിലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 15.05.19 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5472413.72 |
| വരവ് | 57662869 |
| ആകെ | 63135282.72 |
| ചെലവ് | 50007969 |
| നീക്കിയിരിപ്പ് | 13127313.72 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 9224514 | 9224514 | 8337219 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4120000 | 4120000 | 4080000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6204000 | 6204000 | 5809789 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2638767 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4282000 | 4282000 | 3970086 | 0 |
| സാക്ഷരത | | 2282 | 80 | 2362 | 0 | 2362 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 7035232 | 7035232 | 7035232 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3469 | 270010 | 273479 | 262463 | 11016 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | | 36000 | 0 | 36000 | 0 | 36000 |
| ICDS | | 879079 | 274325 | 1153404 | 0 | 1153404 |
| Keralolsavam | | 0 | 20000 | 20000 | 9670 | 10330 |
| Vimukthi | | 12500 | 25000 | 37500 | 8950 | 28550 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2985979 | 2850000 | 5835979 | 2750081 | 3085898 |
| | ജില്ലാ പഞ്ചായത്ത് | 311900 | 6267475 | 6579375 | 6376547 | 202828 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | 57722780 | 103 | 39049558 | 15 | 4 | 67.65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3469 | 270010 | 273479 | 262463 | 11016 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 7035232 | 7035232 | 7035232 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 28200 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 3655500 | 856 |
| വിധവാ പെൻഷൻ | 9347600 | 2176 |
| വാർദ്ധക്യകാല പെൻഷൻ | 12543400 | 2799 |
| വികലാംഗപെൻഷൻ | 2498900 | 578 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1368500 | 320 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2866/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരം വാർഷിക ഓഡിറ്റ് നടത്തുന്ന പഞ്ചായത്തിന്റെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച് എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതോടൊപ്പം നടപടിക്രമം പാലിച്ചുകൊണ്ടുതന്നെയാണോ ചെലവ് ചെയ്തിട്ടുള്ളതെന്നും ഭരണപരമായ കാര്യക്ഷമത, പഞ്ചായത്തിന്റെ സാമ്പത്തിക അച്ചടക്കം എന്നിവയെ സംബന്ധിച്ച് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക

വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ താഴെ പറയുന്ന വിഷയങ്ങളിലേക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

- അന്നന്ന് ലഭിച്ച തപാലുകൾ രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട് എന്ന് ചുമതലാ കൈമാറ്റത്തിനുമുൻപ് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ ഫ്രണ്ട്ഓഫീസ് ഡയറി പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല.
- ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി രൂപീകരിച്ച് മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ട ഫ്രണ്ട് ഓഫീസ് മോണിറ്ററിങ്ങ് സമിതി രൂപീകരിച്ചതിനോ യോഗം ചേർന്നതിനോ രേഖകളില്ല.
- പണം സൂക്ഷിക്കുന്നതിനുള്ള കാഷ് ചെസ്റ്റ് സുരക്ഷിതമായി സ്ഥാപിച്ചിട്ടില്ല.
- സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
- പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനട്സ് പരിശോധിച്ചതിൽ കമ്മിററിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നു കാണുന്നു. വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.
- ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
- റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.
- സംസ്ഥാന സർക്കാരിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിലും പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമായി സർക്കാർ നിരവധി സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. ഉദാഹരണത്തിന് ആസ്തി സംബന്ധമായ വിവരങ്ങൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും കാലാകാലങ്ങളിൽ രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നതിലും വേണ്ടത്ര ശ്രുഷ്കാന്തി പുലർത്തേണ്ടതാണെന്ന് വിവിധ സർക്കുലറുകൾ പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ചൊവ്വന്നൂർ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളൊന്നും ഇല്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമിയിൽ കൈയ്യേറ്റങ്ങളില്ല എന്ന് ഉറപ്പിക്കുവാനും ഭാവിയിൽ കൈയ്യേറ്റങ്ങളുണ്ടാകാതിരിക്കുവാനുമുള്ള നടപടികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൈക്കൊള്ളേണ്ടതാണ്.

- സർക്കാരിന്റെ നിലവിലുള്ള ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കുമെതിരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുന്നു.(ഖണ്ഡിക 16 കാണുക)
- ഏറെ മനുഷ്യാധ്വാനവും സമയവും പഞ്ചായത്തിന്റെ പരിമിതവിഭവങ്ങളും ചെലവഴിക്കപ്പെടുന്ന പദ്ധതി ആസൂത്രണത്തിൽ പാളിച്ചകളുണ്ടായിട്ടുണ്ടോയെന്ന് വിവിധ പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിച്ച സാഹചര്യത്തിൽ പരിശോധിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ആഭ്യന്തര ഓഡിറ്റർ എന്ന് വിശേഷിക്കപ്പെടാറുള്ള ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഇടപെടൽ കൂടുതൽ ശക്തമാക്കി പരിഹരിക്കാവുന്ന മേൽ വിഷയങ്ങളിലേക്ക് പഞ്ചായത്ത്കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 15/10/2019 | 7/19,8/19 & 09/19 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറൽ | 21/07/2016 to 04/08/16 | 2011-12 to 2015-16 | 07.09.16 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് ))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും സർവ്വീസ് സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

<u>2.1.1റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1372038 | 1352317 | 26066 | 706 |
| വാർഷിക കണക്കിലെ വിവിധ | 1372038 | 1352317 | 20837 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ | (റസീറ്റ് & പേയ്മെന്റ് | (350410101- Advance | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| പത്രികകൾ പ്രകാരം | അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | പത്രിക ,ഷെഡ്യൂൾ ആർ.പി-43) | collection-PT on Res. bldg-ന്റെ ലെഡ്ജർ) | ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 850931 | 846943 | 7097 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 850931 | 846943 | 4946 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

<u>2.2.1റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1457 | 1487 | 620 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 1487 | 0 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 154 | 84 | 61 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 84 | 0 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരി | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ | കുടി | ആകെ | തൻ | കുടി | ആകെ | | | തൻ | കുടി | ആകെ |

| | | വർഷം | ശ്ലിക | | വർഷം | ശ്ലിക | | ച്ചത് | | വർഷം | ശ്ലിക | |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 70707 | 124 | 70831 | 69382 | 73 | 69455 | 1468 | - | 36 | 62 | 0 |
| | നോൺ-റെസിഡൻഷ്യൽ | 43020 | 17 | 43037 | 42626 | 5 | 42631 | 380 | - | 0 | 9 | 0 |
| | ആകെ | | | 113868 | | | 112086 | 1848 | - | 0 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 113727 | | | 113718 | | | - | 112151 | 0 | | |
| | | 0+113727 =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies..... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4 സർവ്വീസ് സെസ്സ്

2.4.1 റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 343309 | 338633 | 6404 | 177 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 343309 | 338633 | 6580 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410105-Advance collection-Service cess on R bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4.2 നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 213163 | 211825 | 1681 | 0 |
| വാർഷിക കണക്കിലെ വിവിധ | 213163 | 211825 | 1233 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ | (റസീറ്റ് & പേയ്മെന്റ് | (350410106-Advance | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| പത്രികകൾ പ്രകാരം | അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | collection-Service cess on NR bldg-ന്റെ ലെഡ്ജർ) | ബി-15) |

2.4.3 റസിഡൻഷ്യൽ ( കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 76 | 76 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 76 | 0 |
| | (2017-18ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.5."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും സർവ്വീസ് സെസ്സിന്റേയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3, 2.4.1, 2.4.2, 2.4.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.6 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ (ലൈബ്രറി സെസ്സ് അടക്കം) |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 5583 | 6673 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 20170 | 2761 |

2.7 1/4/2018-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.

(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ 126 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1-4-18 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.8 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,13,718/- രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 1,12,086/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 1,12,151/- രൂപയാണ്.(വൗച്ചർ 41800361 തീ 31-3-19, വൗച്ചർ 41800365 തീ 31-3-19 (112086+65=112151))(പട്ടിക 2.3 കാണുക ).

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്).

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വർദ്ധനവ് | വൗച്ചർ |
|---|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (5 മുറികൾ) | 130100101-Rent from Building | 219640 | 04/12/18 | 5% XII/10,11,12,14,16 | 41800121 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ്

അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (1457) |
| 280100104-Prior period income-Property tax on non residential buildings | (2188) |
| 280100105-Prior period income-Service cess onRes. Building | (1875) |

5.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7. സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 76,54,900/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 76,40,378/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8.സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

9.വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നല്കിയ തുകകളുടെ വിവരം ഇനം തിരിച്ച് സംക്ഷിപ്തം തയ്യാറാക്കി അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂറുകളുടെ ക്രമീകരണ വിവരവും ഉൾപ്പെടുത്തിയിട്ടില്ല.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/19 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക്

അക്കൗണ്ടുകളുടെ 31/3/19 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം മറ്റു സ്ഥാപനത്തിൽ നിന്നുള്ള വിഹിതം എന്നിവ തനത് ഫണ്ടിൽ/ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700104 | Contribution for joint venture projects (Capital Exp) from block Panchayath | 2755596 | 450650109 | Treasury sp. TSB joint venture | 3108726 |
| 2 | 320700105 | Contribution for joint venture projects (Capital Exp) from district Panchayath | 188081 | | | |
| 3. | 320700204 | Contribution for joint venture projects (Revenue Exp) from block Panchayath | 330302 | | | |
| 4 | 320700205 | Contribution for joint venture projects (Revenue Exp) from district Panchayath | 14747 | | | |
| | Total | | 3288726 | | | |

11. താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410104 | SBI saksharatha | 2362 |
| | | | |

| | | | |
|---|---|---|---|
| 2 | 450410102 | SBI Grant Funds_2 | 418639.77 |
| | | | |

12. വാർഷിക കണക്കിലെ RP-7 ഷെഡ്യൂൾ പ്രകാരം 160100325- Production incentive to Paddy growers എന്ന ശീർഷകത്തിൽ 2,81,412/- രൂപ വരവുണ്ട്. RP-19 പ്രകാരം അത്രയും തന്നെ ചെലവുണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

13.ബാങ്ക് റീകൺസീലിയേഷൻ പത്രിക, ബാങ്ക് ബുക്കുകൾ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

13.1ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 2,976/-(Treasury TSB Ownfund) രൂപ "Cheques deposited but not credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

14. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം Treasury Own Fund VPFA 1_2 എന്ന അക്കൗണ്ടിൽ 8,664 /- രൂപ നീക്കിയിരുപ്പുണ്ട്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 450210101 എന്ന ശീർഷകത്തിൽ Nationalised bank ownfund -1 എന്ന അക്കൗണ്ട് 2018-19 ൽ ക്ലോസ് ചെയ്തതായി അറിയിച്ചു. എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകളും ലഭ്യമാക്കിയിട്ടില്ല.

15. 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2,17,719/- രൂപയാണ്. എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

16. വാർഷിക കണക്കിന്റെ RP-32 ഷെഡ്യൂൾ പ്രകാരം വായ്പ ഇനത്തിൽ തൻവർഷം 39,80,000/- രൂപ വരവും ബി-5 ഷെഡ്യൂൾ പ്രകാരം 39,80,000/- രൂപ തിരിച്ചടക്കാനുള്ള നീക്കിയിരിപ്പും ഉണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

# 1-12 ബജറ്റ് രൂപീകരണം

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ബജറ്റ് സംബന്ധമായ ചർച്ചകൾ നടന്നതായി രേഖപ്പെടുത്തലുകളില്ല. അതത് സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായുള്ള തുക ബജറ്റിൽ വകയിരുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കാനായുള്ള തീരുമാനം മാത്രമാണ് എടുത്തിട്ടുള്ളത്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 02/03/18 ലെ 5(1) തീരുമാന പ്രകാരം ഘടക സ്ഥാപന മേധാവികളുടെ 2018-19 വർഷത്തെ കണ്ടിജന്റ് ചെലവുകൾക്കായുള്ള തുക ബജറ്റിൽ വകയിരുത്തൽ നിർദ്ദേശങ്ങൾചർച്ച ചെയ്തതായും സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത തുകകൾ ബജറ്റിൽ ഉൾപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്. ബജറ്റ് സംബന്ധിച്ച്മറ്റ ചർച്ചകളൊന്നും തന്നെ ഘടക സ്ഥാപന മേധാവികളായോ മറ്റു സ്റ്റാന്റിംഗ് കമ്മറ്റികളുമായോ നടന്നതായി രേഖപ്പെടുത്തലുകളില്ല. 29/01/18 ന് കരട് ബജറ്റ് രൂപീകരണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.
എന്നാൽ യോഗം വിളിച്ചു ചേർത്തതായോ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട്നിർവ്വഹണോദ്യോഗസ്ഥർക്ക് കത്ത് നൽകിയതായോ രേഖപ്പെടുത്തലില്ല. 16/03/18 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2018-19 വർഷത്തെ ബജറ്റ് അംഗീകരിക്കുകയുംഭരണസമിതിയുടെ അംഗീകാരത്തിനായി

സമർപ്പിക്കുകയും ചെയ്തു. 26/03/2018 ന് ഭരണസമിതി ബജറ്റ് അംഗീകരിച്ചു.ബജറ്റ്മാന്വലിന്റെ 2.2,2.3,2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി ഘടകസ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം.

ബജറ്റ് രൂപീകരണത്തിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്. വരും വർഷങ്ങളിൽ ബജറ്റ് രൂപീകരണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തി ജനക്ഷേമകരങ്ങളായ പദ്ധതികൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് സ്റ്റാന്റിംഗ് കമ്മറ്റികളുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-13 അനുമതിയില്ലാത്ത നിർമ്മാണ പ്രവൃത്തികൾ

2018-19 വർഷത്തെ നമ്പറിംഗ് ഫയലുകളിൽ 25 ശതമാനത്തോളം ക്രമവത്ക്കരണത്തിനുള്ളതാണ്. ക്രമവത്ക്കരണ ഫയലുകളുടെ ആധിക്യം സൂചിപ്പിക്കുന്നത് പഞ്ചായത്തിന്റെ ഫീൽഡ് പരിശോധനയുടെ അഭാവമാണ്. ആർക്കിയോളജി വകുപ്പിന്റെ പരിധിയിലുള്ള പ്രദേശങ്ങളും മണ്ണിടിച്ചിലിനു സാധ്യതയുള്ള പ്രദേശങ്ങളും പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ അനുമതിയില്ലാതെ നടത്തുന്നത് അപകടകരമാണ്. കെട്ടിട നിർമ്മാണ ചട്ടം 2011 ചട്ടം 134 പ്രകാരം പഞ്ചായത്തിന്റെ അനുവാദമില്ലാതെയുള്ള ക്രമവത്ക്കരിക്കുന്നതിന് സെക്രട്ടറിക്കുള്ള അധികാരം മേല്പറഞ്ഞ ജോലികളും നിർമ്മാണങ്ങളും കണ്ടുപിടിക്കുകയും തടയുകയും ചെയ്യേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് സെക്രട്ടറിയെ മുക്തനാക്കുന്നില്ല. ആയതിനാൽ ഇത്തരം നിർമ്മാണ പ്രവൃത്തികൾ കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 വസ്തു നികുതി, ക്രമവത്ക്കരണ ഫീസ് എന്നിവ കണക്കാക്കിയതിലെ വ്യത്യാസം

ശ്രീ.അബ്ദുൾ ലത്തീഫ്, മഠത്തിൽ, പഴുന്നാന എന്നയാൾ നിലവിൽ താമസത്തിനായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിനോടു കൂടി പെർമിറ്റെടുക്കാതെ കൂട്ടിച്ചേർക്കൽ നടത്തുകയും പിന്നീട്8/3/16ന്ഒക്യുപൻസിസർട്ടിഫിക്കറ്റിനായിഅപേക്ഷിക്കുകയുംചെയ്തു. കെട്ടിടത്തിന് ന്യൂനതകൾ ഉള്ളതിനാൽ ആയത് പരിഹരിക്കാൻ ആവശ്യപ്പെടുകയും തുടർന്ന് 12/07/19 ന് സമർപ്പിച്ച പ്ലാൻ അതേ ദിവസം തന്നെ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ അംഗീകരിക്കുകയും ചെയ്തു. പുന:സമർപ്പിച്ച പ്ലാൻ പ്രകാരം 61.65 ച.മീ വിസ്തീർണ്ണത്തിൽ ഗ്രൗണ്ട് ഫ്ലോറിൽ കെട്ടിടം നിലനിന്നിരുന്നതായും താമസാവശ്യത്തിനായി 58.65 ച.മീറ്ററും വാണിജ്യാവശ്യത്തിനായി68.95 ച.മീറ്ററും കൂട്ടിച്ചേർത്തിട്ടുള്ളതായും കാണുന്നു.എന്നാൽ സ്ഥല പരിശോധന റിപ്പോർട്ടിൽ 58.65 ച.മീറ്റർ മുൻപുണ്ടായിരുന്നതായും വാണിജ്യാവശ്യത്തിനായുള്ള 68.95 ച.മീറ്റർ മാത്രം കൂട്ടിച്ചേർത്തതായും പറയുന്നു. വാണിജ്യാവശ്യത്തിനായുള്ള 68.95 ച.മീറ്ററിനു മാത്രമാണ് പെർമിറ്റ് ഫീസ്,ക്രമവത്ക്കരണ ഫീസ്, വസ്തുനികുതി എന്നിവ കണക്കാക്കിയത്. മുൻപുണ്ടായിരുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം പരിശോധിക്കാനാവശ്യമായ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിലും സ്ഥല പരിശോധനറിപ്പോർട്ട് പ്രകാരമുള്ള വിസ്തീർണ്ണത്തിലും മാറ്റം വരാനുണ്ടായ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 1/25.10.19ന് മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസം വരാനിടയായ കാരണം വ്യക്തമാക്കേണ്ടതും കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിക്കേണ്ടതുണ്ടെങ്കിൽ പുനർ നിർണ്ണയിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

# 1-15 തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്ലാൻ തയ്യാറാക്കി നൽകുന്ന ലൈസൻസുള്ള താഴെ പറയുന്ന സൂപ്പർ വൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ.സുനിൽ കുമാർ .ടി.കെ.

2) ശ്രീ.സുനിൽ.കെ.ആർ.

3) ശ്രീ.രമേഷ്.കെ.വി.

4) ശ്രീമതി.ബബിത.ടി.എം.

5) ശ്രീ.സിൽജോ.പി.ഡി.

6) ശ്രീ.പ്രതീഷ് കുമാർ.ഇ.വി.

7) ശ്രീ.ഷാൻ.സി.സി.

8) ശ്രീ.ജയേന്ദ്രൻ.കെ.ആർ.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/19 dt.29/10/19) തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സൂപ്പർ വൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 തൊഴിൽ നികുതി - നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ നിർദ്ദേശത്തിനുമെതിരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം

കേരള പഞ്ചായത്ത് രാജ് നിയമം 1994, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും ആ അർദ്ധവർഷത്തിൽ ആകെ കൂടി 60 ദിവസത്തിൽകുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അഥവാ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അഥവാ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ 17.08.17-ലെ സി4-25910/17 നം.കത്തു പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ നിയമപരമായി ബാധ്യസ്ഥരായവരെ നിയതമല്ലാതെ ഒഴിവാക്കുന്നത് ചട്ടവിരുദ്ധവും അംഗീകരിക്കാൻ കഴിയാത്തതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെ 16.01.19-ലെ 7-ാം നം തീരുമാനപ്രകാരം കമ്മീഷൻ വ്യവസ്ഥയിൽ വേതനം ലഭിക്കുന്ന റേഷൻ വ്യാപാരികൾക്ക് തൊഴിൽ നികുതി അടക്കുന്നതിനായി നിർവ്വാഹമില്ലാത്തതിനാൽ തൊഴിൽനികുതി അടക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിനായി റേഷൻ വ്യാപാരികൾ സമർപ്പിച്ച അപേക്ഷ യോഗം വായിച്ച് ചർച്ച ചെയ്യുകയും തൊഴിൽ നികുതി ഒഴിവാക്കികൊടുക്കുന്നതിന് ഏകകണ്ഠേന തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരം സാഹചര്യത്തിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശത്തിനും വിരുദ്ധമായി തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും റേഷൻ വ്യാപാരികളെ ഒഴിവാക്കിയ തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7) മറുപടി ലഭ്യമാക്കിയില്ല. നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കുമെതിരായി പഞ്ചായത്ത്കമ്മിറ്റി തീരുമാനമെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-17 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും

# മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ അപാകതകൾ

പഞ്ചായത്തിൽ 2018-19 വർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് (FTEAOS ലൈസൻസ് ) അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 31-10-2017 ലെ FTEAOS ലൈസൻസ് ഭേദഗതിയിലെ ചട്ടം 10,22 പ്രകാരം ഏതൊരു വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കേണ്ടതും താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൽ 25% പിഴ ഈടാക്കേണ്ടതുമാണ് .2018-19 വർഷം 47 സ്ഥാപനങ്ങൾ സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കിയിട്ടില്ല.എന്നാൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് ചട്ട പ്രകാരമുള്ള പിഴ ഈടാക്കിയതായി രേഖപ്പെടുത്തലില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.13 തി.29/10/19) പിഴ ഈടാക്കിയിട്ടുണ്ടെന്നും ആയത് റജിസ്റ്ററിൽ ചേർക്കാൻ വിട്ടു പോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്.എന്നാൽ ആയതിനുള്ള തെളിവു രേഖകൾ ഹാജരാക്കിയിട്ടില്ല.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കല്യാണമണ്ഡപങ്ങൾ FTEAOS ലൈസൻസ് എടുത്തിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.13 തി.29/10/19 മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-18 ഇ-ടെണ്ടർ - ടെണ്ടർ ഫോം വിലയിനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കാൻ നടപടികളെടുക്കേണ്ടതാണ്

ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയിനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിങ്ങ് ഡിവിഷൻ എക്സി.എഞ്ചിനിയർ ഓഫീസിൽ നിന്നും ലഭിക്കാനുള്ള ഇതുവരെയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം.8 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് താഴെ കൊടുത്ത വിവരങ്ങൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| 2017-18 | 22,910 |
| 2018-19 | 68,950 |
| ആകെ | 91,860 |

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കേണ്ട 91,860 രൂപ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

# 1-19 പദ്ധതി ഉപേക്ഷിക്കൽ

തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ആവിഷ്കരിക്കുന്നതിന് താഴെ പറയുന്ന 9 ഘട്ടങ്ങൾ അവലംബിക്കേണ്ടതുണ്ട്.

1. ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും രൂപീകരിക്കൽ
2. വികസനരേഖ തയ്യാറാക്കൽ
3. ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം ചേരൽ
4. വികസന സെമിനാർ

5. വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ

6. പ്രൊജക്റ്റുകൾ തയ്യാറാക്കൽ

7. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

8. പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും
9. വാർഷിക പദ്ധതി നിർവ്വഹണവും മോണിട്ടറിങ്ങും

ആകെയുള്ള 9 ഘട്ടങ്ങളിൽ 8 ഘട്ടങ്ങളും പദ്ധതികളുടെ ആസൂത്രണവുമായും ശേഷിക്കുന്ന ഒരു ഘട്ടം നിർവ്വഹണവുമായും ബന്ധപ്പെട്ടതാണ്. ഇതിൽനിന്നും പദ്ധതി ആസൂത്രണത്തിന്റെ പ്രാധാന്യം വ്യക്തമാണ്. ഏന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ വിവിധ തീയ്യതികളിലെ തീരുമാനങ്ങൾ പ്രകാരം താഴെ പറയുന്ന പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ട്.

1.

| പദ്ധതിയുടെ പേര് | അടങ്കൽ | ഉപേക്ഷിക്കുന്നതിനുള്ള കാരണം |
|---|---|---|
| പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.1(4) തീയ്യതി 19.05.18 | | |
| ചൊവ്വന്നൂർ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപണി (പ്രൊജക്റ്റ് നം.108/18) | | കാരണം വ്യക്തമാക്കിയിട്ടില്ല |
| പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.2(2) തീയ്യതി 13.09.18 | | |
| പ.ജാതിക്കാർക്ക് സൗരറാന്തൽ (so 019/19) | 3,93,600 | മാർഗ്ഗനിർദ്ദേശപ്രകാരമല്ലാത്തതിനാൽ |
| പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.1(5) തീയ്യതി 30.11.18 | | |
| പഞ്ചായത്ത് ഹാൾ നവീകരണം (so 028/19) | 2,00,000 | പദ്ധതി ഉപേക്ഷിക്കുന്നതിന് |
| പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.1(4) തീയ്യതി 30.01.19 | | |
| ആശ്രയ രണ്ടാം ഘട്ടം (so 162/18) | 5,19,300 | ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ |

ഏറെ മനുഷ്യാധ്വാനം ചെലവഴിക്കുന്ന പദ്ധതി ആസൂത്രണത്തിനുശേഷവും പദ്ധതികൾ ഉപേക്ഷിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15) പരിഗണനാർഹമായ മറുപടിയല്ല നൽകിയത്. ഉദാഹരണത്തിന് പട്ടികജാതിക്കാർക്ക് സൗരറാന്തൽ എന്ന പദ്ധതി മാർഗ്ഗരേഖാ വിരുദ്ധമായതിനാൽ ഉപേക്ഷിച്ചുവെന്നാണ് മറുപടിയിലും ആവർത്തിച്ചിട്ടുള്ളത്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മരാമത്ത് പ്രവൃത്തി ഉൾപ്പെടുന്ന പഞ്ചായത്ത് ഹാൾ നവീകരണം എന്ന പദ്ധതി ഉപേക്ഷിച്ചത് അസി.എഞ്ചിനിയറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കാനാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടുന്ന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനിയർ ആകണമെന്ന് കൃത്യമായ സർക്കാർ നിർദ്ദേശം വളരെ മുൻപേത്തന്നെയുള്ള സാഹചര്യത്തിൽ ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായി സെക്രട്ടറിയെ തീരുമാനിച്ചത് യുക്തിസഹമല്ല. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 1-20 പുറമ്പോക്ക് ഭൂമി കൈയ്യേറ്റം - പഞ്ചായത്ത് കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്.

ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമി ചില വ്യക്തികൾ കൈയ്യേറിയതുമായി ബന്ധപ്പെട്ട ഏതാനും തീരുമാനങ്ങൾ രേഖപ്പെടുത്തി കാണുന്നു. 19.05.18-ലെ ഭരണ സമിതി തീരു.നം.3 പ്രകാരം സർവ്വേ നം.300/6-ൽ ഉൾപ്പെട്ട പഞ്ചായത്ത് പുറമ്പോക്ക് ഭൂമി കൈയ്യേറിയതായി പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുള്ള ശ്രീ.മാണി, ശ്രീ.ബേബി, ശ്രീ.ഫ്രാൻസീസ്, ശ്രീ.രാധാകൃഷ്ണൻ എന്നിവരോട് കൈയ്യേറ്റ സ്ഥലം ഒഴിയുന്നതിനും പിഴയും നഷ്ടപരിഹാരവും അടവാക്കുന്നതിന് ആവശ്യപ്പെട്ടുവെന്നും എന്നാൽ ശ്രീ.മാണി, ശ്രീ.ഫ്രാൻസീസ് എന്നിവർ പിഴയും നഷ്ടപരിഹാരവും ഒടുക്കിയിട്ടുള്ളതാണെന്നും രേഖപ്പെടുത്തിക്കാണുന്നു. തുടർന്ന് 03.07.18-ലെ തീരു.നം.15 പ്രകാരം അനധികൃത കൈയ്യേറ്റം ഒഴിവാക്കി സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 03.07.18-ലെ തീരു.നം.15 പ്രകാരം അനധികൃത കൈയ്യേറ്റം ഒഴിവാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കി സ്ഥലം ഏറ്റെടുത്തതിന്റെ വിവരങ്ങൾ നൽകേണ്ടതാണെന്നും സംസ്ഥാന സർക്കാരിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിലും പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമായി സർക്കാർ/പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറുകളിലെയും ഉത്തരവുകളിലെയും (ഉദാ.16.05.18, 08.11.18 എന്നീ തീയ്യതികളിലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നം.സി2-15471/18) നിർദ്ദേശങ്ങൾ പാലിച്ചതിന്റെയും വിവരങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.9) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ മേൽ വിഷയങ്ങളിൽ പഞ്ചായത്ത് എടുത്ത നടപടികൾ അറിയിക്കേണ്ടതാണ്.

# 1-21 ആധുനിക ക്രിമറ്റോറിയം - മുൻകൂർ അനുമതിയുടെ അഭാവം

2018-19 സാമ്പത്തിക വർഷത്തിൽ 'ആധുനിക ക്രിമറ്റോറിയം' എന്ന പദ്ധതിക്കായി താഴെ കൊടുത്ത പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നുംതന്നെ ചെലവഴിച്ചിട്ടില്ല.

| | |
|---|---|
| വികസനഫണ്ട് | 5,38,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 41,08,300 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 15,00,000 |
| ആകെ | 61,46,300 |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ആധുനിക ക്രിമറ്റോറിയം നിർമ്മാണത്തിനായി(ടം-71/18) 19,58,000 രൂപ നിർവ്വഹണ ഏജൻസിയായ Costford-ന് നൽകിയതായി പറയുന്നു.

1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ ചട്ടം 6(2) പ്രകാരം നിലവിലുള്ള ഒരു ശ്മശാനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയോ വിപുലീകരിക്കുകയോ ചെയ്യുന്ന സംഗതിയിൽ ആയത് ഒരു പുതിയ ശ്മശാനം ഏർപ്പെടുത്തുന്നതായി കണക്കാക്കേണ്ടതും അപ്രകാരമുള്ള ശ്മശാനങ്ങൾക്ക് ഈ ചട്ടങ്ങൾ ബാധകമായിരിക്കുന്നതുമാണെന്ന് നിഷ്കർഷിക്കുന്നു.

പഞ്ചായത്ത് കമ്മിറ്റിയുടെ 03.07.18-ലെ 6-ാം നം.തീരുമാനപ്രകാരം പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതിപ്രവർത്തനം മുടങ്ങിക്കിടക്കുന്ന ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ നിർമ്മാണത്തിന് നിർമ്മാണ ഏജൻസിക്ക് (Costford) 20% തുക അടവാക്കിയ സാഹചര്യത്തിൽ ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ നിർമ്മാണ പ്രവർത്തനം

തൽക്കാലം നിർത്തിവെച്ച് ഓഡിറ്റോറിയവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവൃത്തികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

പഞ്ചായത്ത് കമ്മിറ്റിയുടെ 15.03.19-ലെ 11(8)-ാം നം.തീരുമാനപ്രകാരം ക്രിമിറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ സമർപ്പിച്ച പരാതി യോഗം ചർച്ച ചെയ്തതായും ആയതുപ്രകാരം നിലവിൽ ടി ഭൂമി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതുശ്മശാനം ആയതിനാലും ഗ്യാസ് ക്രിമറ്റോറിയം ഒഴികെയുള്ള മറ്റ് നിർമ്മാണ പ്രവർത്തികളാണ് നടപ്പിലാക്കുന്നതെന്നതിനാലും പരാതി അടിസ്ഥാനരഹിതമാണെന്ന് യോഗം വിലയിരുത്തിയതായും കാണുന്നു.

ഓഡിറ്റ് വേളയിൽ 3 വിഷയങ്ങളിൽ വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയും (നം.10)അവക്ക് ലഭിച്ച മറുപടിയും താഴെ ചേർക്കുന്നു;

| | |
|---|---|
| എ) ശ്മശാനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയോ വിപുലീകരിക്കുകയോ ചെയ്യുന്ന സംഗതിയിൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന ചട്ടത്തിലെ നിഷ്കർഷ പാലിച്ചിട്ടുണ്ടോ? | നിർവ്വഹണ ഏജൻസി അനുമതി നേടുമെന്ന ധാരണയുടെ അടിസ്ഥാനത്തിലും അറിവില്ലായ്മമൂലവുമാണ് അനുമതി ലഭിക്കുന്നതിനു മുൻപ് തുക കൈമാറിയത്. അനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| ബി)മേൽ ചട്ടങ്ങളിലെ(ചട്ടം 5) ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമായി നിഷ്കർഷിക്കുന്ന ദൂര നിയന്ത്രണം പാലിച്ചിരുന്നോ? | 25 മീറ്റർ ദൂരപരിധി പാലിക്കുന്നതിന് സാധ്യമാണ്. |
| സി)ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ പരാതിയുമായി ബന്ധപ്പെട്ട് 5.03.19-ലെ പഞ്ചായത്ത് ഭരണസമിതിയോഗം, ഗ്യാസ് ക്രിമിറ്റോറിയം ഒഴികെയുള്ള മറ്റ് നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും അതിനാൽത്തന്നെ പരാതി അടിസ്ഥാനരഹിതമാണെന്നും വിലയിരുത്തിയിട്ടുണ്ട്. ആധുനിക ഗ്യാസ് ക്രിമറ്റോറിയം എന്ന പദ്ധതി രൂപീകരിക്കുകയും പ്രസ്തുത പദ്ധതിയുടെ അടങ്കലിൽനിന്നും ചെലവു ചെയ്യുകയും ചെയ്തതിനുശേഷം ഇത്തരത്തിലുള്ള തീരുമാനമെടുക്കുന്നതിലെ ഔചിത്യം പരിശോധിച്ചിരുന്നോ ? | ക്രിമറ്റോറിയം പ്രൊജക്റ്റിൽ ചുറ്റുമതിൽ, ലൈബ്രറി-കം-വനിതാ സെമിനാർ ഹാൾ എന്നിവയും വിഭാവനം ചെയ്യുന്നുണ്ട്.എതിർപ്പ് നേരിട്ടസാഹചര്യത്തിൽ ചുറ്റുമതിൽ നിർമ്മാണത്തിനുശേഷം ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. |

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിരീക്ഷണങ്ങൾ ഭരണസമിതിയുടെ പരിഗണനക്കായി ചേർക്കുന്നു;

എ)ക്രിമറ്റോറിയം നിർമ്മിക്കാൻ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ നിർദ്ദിഷ്ട അധികാരികളിൽനിന്നുള്ള അനുവാദം വാങ്ങാതെ നിർവ്വഹണ ഏജൻസിക്ക് തുക കൈമാറിയത് അംഗീകരിക്കാവുന്നതല്ല. അടിയന്തിരമായി അനുവാദം വാങ്ങുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

ബി)കുന്ദംകുളം നഗരസഭാ പരിധിയിൽ ഇപ്പോൾത്തന്നെ ഒരു ശ്മശാനം പ്രവർത്തിച്ചുവരുന്നതിനാൽ നഗരസഭയോട് വളരെ അടുത്ത് ചേർന്ന് കിടക്കുന്നതും സമീപഭാവിയിൽ നഗരസഭയോട് ലയിപ്പിക്കാൻ സാധ്യതയുള്ളതുമായ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ, ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന അനുമതി ഇനിയും ലഭിക്കാത്ത സാഹചര്യത്തിൽ ഇത്തരത്തിലുള്ള ശ്മശാനം ആവശ്യമുണ്ടോയെന്ന വിഷയത്തിൽ ഒരു പുനർവിചിന്തനം ഭരണസമിതിക്ക് നടത്താവുന്നതാണ്.

സി)ലാഭേച്ഛയോടെ നടത്തപ്പെടേണ്ട സ്ഥാപനമല്ലെങ്കിലും തനതുവരുമാനം വളരെ കുറഞ്ഞ ചൊവ്വന്നൂർ പോലെയുള്ള ഗ്രാമപഞ്ചായത്തിൽ ശ്മശാനത്തിന്റെ നടത്തിപ്പ് പ്രായോഗികമാണോയെന്ന പരിശോധന നടത്താവുന്നതാണ്.

# 1-22 ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി നം .S00 74/19 -സഖി

പദ്ധതി അടങ്കൽ.73487രൂപ

ചെലവ് .62106 രൂപ

ട്രഷറി ബിൽ നം 5/14.11.18-4553

ട്രഷറി ബിൽ നം 12/11.02.19-42320

ട്രഷറി ബിൽ നം 18/14.11.18-2761

ട്രഷറി ബിൽ നം 23/13.03.19-10600
ട്രഷറി ബിൽ നം 31/22.03.19-1872

ജാഗ്രതാ സമിതി പ്രവർത്തനം ,ലിംഗ നീതി പ്രവർത്തനങ്ങൾ ,വനിതാ കേന്ദ്രത്തിൽ കമ്പ്യൂട്ടർ സൗകര്യം ഒരുക്കുക എന്നിവയായിരുന്ന പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ആയതിൽ നിന്നും വ്യതിചലിച്ച് 9186 രൂപ വനിതാകേന്ദ്രത്തിൽ ആനുകാലികങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പദ്ധതിയുടെ ഭാഗമായി ആനുകാലികങ്ങൾക്കായി തുക ചെലവഴിക്കാവുന്നതല്ല. 9186 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു
വനിതാ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ വിതരണം ചെയ്ത Halcyon Transmission technologies എന്ന സ്ഥാപനം സമർപ്പിച്ച കരാറിൽ വിതരണം ചെയ്ത ഇനം, വാറന്റി എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. വ്യക്തമായ കരാർ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .
2) പദ്ധതി നം .S00 75/19 - ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം
പദ്ധതി അടങ്കൽ.480000 രൂപ
ചെലവ് .480000 രൂപ
ട്രഷറി ബിൽ നം 29/26.03.19-295000
ചെക്ക് നം. 0503898/21.03.19/TSB-185000
പദ്ധതിയുടെ ഭാഗമായി 6 പേർക്ക് മുച്ചക്ര വാഹനം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവർക്ക് 8 വർഷത്തിനുള്ളിൽ ഈ ആനുകൂല്യം നൽകിയിട്ടില്ല എന്നതിന് പട്ടിക ജാതി വകുപ്പിൽ നിന്നോ, ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിൽ നിന്നോ ലഭിച്ച സാക്ഷ്യപത്രം അപേക്ഷകൾക്കൊപ്പം ഇല്ല.
3) പദ്ധതി നം .S00 79/19 – സമൃദ്ധി

പദ്ധതി അടങ്കൽ.176000രൂപ

ചെലവ് .176000രൂപ
ട്രഷറി ബിൽ നം 19/28.02.19-67014

ട്രഷറി ബിൽ നം 27/18.03.19-76000

ട്രഷറി ബിൽ നം 28/18.03.19-32986

പദ്ധതിയുടെ ഭാഗമായി 104986 രൂപ പഞ്ചായത്ത് പരിധിയിലുള്ള 13 അങ്കണവാടികൾ പെയിന്റ് ചെയ്യുന്നതിനായി ചെലവഴിച്ചു. മരാമത്ത് പ്രവൃത്തി ആയിട്ടും പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല അസി.എഞ്ചിനീയറെ ഏൽപ്പിക്കാതെ ഐസിഡിഎസ് സൂപ്പർവൈസറെ ഏൽപ്പിച്ചതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്
പദ്ധതി അടങ്കൽ 100000 രൂപക്ക് മുകളിലായിട്ടും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനു പകരം ക്വട്ടേഷൻ ക്ഷണിക്കുകയാണുണ്ടായത്. 2 ക്വട്ടേഷൻ മാത്രമാണ് ലഭിച്ചത്. പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആവശ്യമായ അനുമതികൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. എം ബുക്ക് തയ്യാറാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തിയുടെ നടപടി ക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി പൂർത്തീകരിച്ച് തുക കൈമാറിയത് ശരിയല്ല. മേൽ കാരണങ്ങളാൽ 104986 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ ഭാഗമായി 67014 രൂപ 17 അങ്കണവാടികൾക്ക് മേശ വാങ്ങുന്നതിനായി ചെലവഴിച്ചു.ആയതിന്റെ ടെൻഡർ നോട്ടീസ് ,പത്ര പരസ്യം എന്നിവ ഫയലിൽ ഇല്ല.
4) പദ്ധതി നം .S0118/19 – സാകേതം (ഭിന്ന ശേഷിക്കാർക്ക് ഫിസിയോ തെറാപ്പി കേന്ദ്രം )

പദ്ധതി അടങ്കൽ.115000രൂപ

ചെലവ് .114205രൂപ
ട്രഷറി ബിൽ നം 1/18.7.18
സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇവർക്കായി ഫിസിയോ തെറാപ്പി കേന്ദ്രം തുടങ്ങുന്നതിനോ ആയതിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനോ

അനുമതി ഇല്ല.പക്ഷേ 2018-19 വർഷം ആരംഭിച്ച ഫിസിയോ തെറാപ്പി കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 114205 രൂപ ചെലവഴിച്ചു. (ഇൻവോയ്സ് നം.2258/22.03.18, സെൻട്രൽ സർജിക്കൽസ്) സർക്കാർ അനുമതിക്ക് വിരുദ്ധമായ 114205 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആകെ തടസ്സപ്പെടുത്തുന്നത് = 9186+104986+114205=228377.

# 1-23 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ചൊവ്വന്നൂർ നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു

1) പദ്ധതി നം .S00 27/19- സ്പർശം
പദ്ധതി അടങ്കൽ. 89000 രൂപ
ചെലവ് .70830 രൂപ (ട്രഷറി ബിൽ നം .9/26.02.19)
പദ്ധതി പ്രകാരം പഞ്ചായത്തു പ്രദേശത്തുള്ള 17 അങ്കണവാടികളിലേക്ക് വെയിങ്ങ് മെഷീൻ, ബി പി അപ്പാരറ്റസ് സ്റ്റാച്യൂയർ മീറ്റർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ഉപയോഗ വിവരങ്ങൾ പ്രവർത്തന റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്രിസ്റ്റൽ സർജിക്കൽസ്, പൂത്തോൾ ( നിരക്ക് GST ഉൾപ്പെടെ 66725 രൂപ) എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കാതെ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത റോയൽ സർജിക്കൽസിന്റെ (നിരക്ക് .61625+ GST -70830 രൂപ ) ക്വട്ടേഷൻ അംഗീകരിച്ചു. ആയതിനാൽ പ്രസ്തുത വാങ്ങലിനോടനുബന്ധിച്ച് 4105 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.6/28.10.19)ക്ക് ക്രിസ്റ്റൽ സർജിക്കൽസ് സമർപ്പിച്ച ക്വട്ടേഷനിൽ GSTഉൾപ്പെടെ എന്ന് അച്ചടി പിശക് മൂലം സംഭവിച്ചത് ശ്രദ്ധയിൽ പെട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട് . അവർ സമർപ്പിച്ച തിരുത്തിയ ക്വട്ടേഷൻ മറുപടിക്കൊപ്പം സമർപ്പിച്ചിട്ടുണ്ട്. ഇത് ശരിയല്ല. ക്വട്ടേഷനുകൾ തുറക്കുന്ന സമയത്തുതന്നെ ആയത് ശരിയായി പരിശോധിക്കപ്പെടേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്
2) പദ്ധതി നം .S00 24/19

പദ്ധതി അടങ്കൽ.462000രൂപ
ചെലവ് .462000 രൂപ
ട്രഷറി ബിൽ നം .1/23.08.18-130390
ട്രഷറി ബിൽ നം .4/11.10.18-31610
ചെക്ക് നം. 1966309/30.11.18/TSB-100000
ചെക്ക് നം. 1966304/19.11.18/TSB-55117
ചെക്ക് നം. 1966310/22.12.18/TSB-29900
ചെക്ക് നം. 2185989/15.02.19/TSB-29790
ചെക്ക് നം. 0503893/23.2.19/TSB-29755
ചെക്ക് നം. 0503894/07.03.19/TSB-29635
ചെക്ക് നം. 0503899/21.03.19/TSB-25803
പദ്ധതിയുടെ ഭാഗമായി 100000 രൂപ (ചെക്ക് നം. 1966309/30.11.18/TSB)മരുന്നുകൾ ലഭിക്കുന്നതിനായി കെ എം എസ് സി എൽ ന് കൈ മാറിയിട്ടുണ്ട് .നാളിതു വരെ 70318 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 സമഗ്ര നെൽ കൃഷി വികസനം പദ്ധതി-

# ഗുണഭോക്തൃ വിഹിതം പാടശേഖര സമിതികൾ വഴി ഈടാക്കി

പദ്ധതി നം .S00 86/19

പദ്ധതി അടങ്കൽ.1511200രൂപ
ട്രഷറി ബിൽ നം 2/29.10.18-383400
ഗുണഭോക്തൃ വിഹിതം -127800
ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം
ചെക്ക് നം. 0435488/26.02.19TSB-335737
ചെക്ക് നം. 0435487/26.02.19/TSB-331121
ചെക്ക് നം.0435486/26.02.19/TSB-332942
ആകെ ചെലവ് = 1511200/-

സബ്സിഡി മാർഗ്ഗരേഖ പ്രകാരം നെൽ വിത്തിന് 100% തുകയും സബ്സിഡിയായി അനുവദിക്കാമെന്നിരിക്കേ പഞ്ചായത്തിൽ 75% സബ്സിഡി മാത്രമാണ് പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കർഷകർക്ക് അർഹതയുള്ള നിരക്കിൽ ധനസഹായം നൽകുന്നത് ഉചിതമാണ്.
പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം 127800 രൂപ പാടശേഖര സമിതികൾ വഴി ഈടാക്കി ടി ആർ 5 രസീതു പ്രകാരം കൃഷി ഓഫീസിൽ അടവാക്കുകയും ചെയ്തു. തുടർന്ന് കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിയിൽ നൽകുകയും ചെയ്തു. ആയത് ശരിയല്ല. പദ്ധതിയുടെ ഭാഗമായുള്ള ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥന് പഞ്ചായത്തിൽ നിന്നും വിതരണം ചെയ്ത രശീതികൾ പ്രകാരം ഈടാക്കേണ്ടതും, ആയത് പഞ്ചായത്തു ഫണ്ടിൽ ഒടുക്കിയതിനു ശേഷം വിതരണ ഏജൻസിക്ക് കൈമാറേണ്ടതുമാണ്.

# 1-25 തനതു ഫണ്ടിൽ നിന്നുള്ള ചെലവുകൾ -അപാകതകൾ

2018-19 വർഷത്തെ തനതു ഫണ്ട് – ചെലവു വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1. വൗച്ചർ നം 21800025/7.4.18-9286 രൂപ

ശ്രീ.രഞ്ജൻ.എം.ആർ, സീനിയർ ക്ലർക്ക് എന്നവരുടെ 01/09/2017 മുതൽ 10/09/2017 വരെയുള്ള ശമ്പളം. ഹാജർ നില പരിശോധിച്ചതിൽ പ്രസ്തുത കാലയളവിൽ താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു
7/9/17,8/9/17- ആർജ്ജിത അവധി
9/9/17,10/9/17- പൊതു അവധി
11/9/17 – 19/3/18- അനധികൃത വിട്ടു നിൽക്കൽ

അനധികൃത വിട്ടു നിൽക്കൽ കാലയളവിനോടനുബന്ധിച്ച അവധി ദിനങ്ങൾ ആർജ്ജിത അവധിയുടെ കൂടെ സഫിക്സ് ചെയ്ത് ശമ്പളം അനുവദിച്ചത് ശരിയല്ല. അനധികൃത വിട്ടു നിൽക്കൽ കാലയളവ് ക്രമീകരിച്ച വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. ശമ്പള കുടിശ്ശിക 3ാം ഗഡു വിതരണത്തോടനുബന്ധിച്ച് ജീവനക്കാരുടെ പെൻഷൻ വിഹിതം അടവാക്കിയിട്ടില്ല. കുടിശ്ശിക കാലയളവിലെ ഹാജർ പുസ്തകങ്ങൾ, അനുബന്ധ ഫയൽ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ കുടിശ്ശിക തുക വിതരണം ചെയ്തതിന്റെ കൃത്യത ഉറപ്പു വരുത്താനായില്ല

3.പർച്ചേസ് ബില്ലുകളിൽ സ്റ്റോക്ക് രേഖപ്പെടുത്തൽ സംബന്ധിച്ച സാക്ഷ്യ പത്രങ്ങൾ ചേർക്കേണ്ടതാണ്

4. വൗച്ചർ നം .21800385/19.9.18 പ്രകാരം ശ്രീമതി പ്രസന്ന കുമാരി, ക്ലർക്ക് എന്നവരുടെ02.08.10 മുതൽ 21.07.12 വരെയുള്ള ഹയർഗ്രേഡ് കുടിശ്ശിക 65460 രൂപ അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക അനുവദിക്കുന്നതിൽ കാലതാമസം വന്നതായി കാണുന്നു. കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ (ഹാജർ

വിവരമുൾപ്പെടെ) പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

5. വൗച്ചർ നം. 21800135/29.05.18, 21800061/28.04.18 എന്നിവ പ്രകാരം 5250 രൂപ വീതം പൊതുടാപ്പകളുടെ വെള്ളക്കരം ഇനത്തിൽ അടവാക്കിയിട്ടുണ്ട് .തുടർന്ന് അടവാക്കിയിട്ടില്ല. 02.03.18 ലെ തീരുമാനം നം.3(1) പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള 12 പൊതു ടാപ്പകളിലും വെള്ളം ലഭ്യമാകാത്ത സാഹചര്യത്തിൽ വേനൽ കഴിയുന്നതോടു കൂടി ടി തുക അടവാക്കേണ്ടതില്ലെന്നും കണക്ഷൻ റദ്ദ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്തു നൽകുന്നതിനും തീരുമാനിച്ചിരുന്നു. കണക്ഷൻ നിയമാനുസൃതമായി റദ്ദ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കണക്ഷൻ റദ്ദ ചെയ്യുന്നതുവരെ വെള്ളക്കരം അടവാക്കാത്ത പക്ഷം പലിശ ഉൾപ്പെടെ ആയത് അടവാക്കേണ്ടി വരും.

(ഓഡിറ്റ് എൻക്വയറി നം. 20/30.10.19)

# 1-26 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികളുടെ ഓഡിറ്റ്- അപാകതകൾ

1) പ്രോജക്റ്റ് നം -6/19

പ്രോജക്റ്റിന്റെ പേര്- പദ്ധതി രൂപീകരണവും മോണിറ്ററിംഗും

ബിൽ നം 5/18-19 തിയ്യതി 6-6-18 തുക 41180

ബിൽ നം 9/18-19 തിയ്യതി 12-7-18 തുക 18648

ബിൽ നം 21/18-19 തിയ്യതി 4-9-18 തുക 7056

ബിൽ നം 27/18-19 തിയ്യതി 31-10-18 തുക 28350

ബിൽ നം 31/18-19 തിയ്യതി 23-11-18 തുക 80752

ബിൽ നം 45/18-19 തിയ്യതി 29-1-19തുക 11700

ബിൽ നം 54/18-19 തിയ്യതി 21-2-19തുക 2594

ബിൽ നം 36/18-19 തിയ്യതി 13-12-18തുക 9720

A. ബിൽ നം 9 പ്രകാരം ദേശാഭിമാനി പബ്ലിഷേഴ്സിന് 12348 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 5292 രൂപയുടെ ബിൽ മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. 7056 രൂപയുടെ ബിൽ ലഭ്യമാക്കേണ്ടതാണ്. ആയത് വരെയ്ക്കും ചെലവു തുക 7056 രൂപ തടസ്സപ്പെടുത്തുന്നു.

B.ബിൽ നം 31 പ്രകാരം 67352 രൂപ ദേശാഭിമാനി പബ്ളിഷേഴ്സിന് അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം 22/6/18 തിയ്യതിയിലെ 7056 രൂപ, 2-6-18 തിയ്യതിയിലെ 5292 രൂപ, 29/7/18 തിയ്യതിയിലെ 7056 രൂപ എന്നിങ്ങനെ ഉൾപ്പെട്ടിട്ടുണ്ട്. ടി തുകകൾ യഥാക്രമം ബിൽ നം27,9,21 എന്നിവ പ്രകാരം അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ 19404 രൂപ തിരികെ ഈടാക്കേണ്ടതാണ്. ആയതു വരെയ്ക്കും ചെലവുതുക 19404 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

കൂടാതെ മേൽ ബില്ലിൽ 29-9-17,22-10-17,11-6-17 23-3-17,4-5-17 തിയ്യതിയിലെ ബിൽ തുകകൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിൽ ടി ബില്ലുകൾ പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല എന്നതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2.പ്രോജക്റ്റ് നം -98/19

പ്രോജക്റ്റിന്റെ പേര് – തെരുവ് വിളക്ക് പരിപാലനം

ബിൽ നം 10/18-19 തിയ്യതി 12-7-18 തുക 75000

പഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലനത്തിനായി സി ഡി എസ് ചെയർപേഴ്സൺ ശ്രീമതി.രജിത ഷിബു എന്നവർക്ക് മേൽ ബിൽ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിൻറ 15-9-11

തിയ്യതിയിലെ3065/ഡി എ 3- ത സ്വ ഭ വ സർക്കുലർ പ്രകാരം തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് ഉള്ള അംഗീകൃത കരാറുകാർക്ക് മാത്രം എ എം സി നല്കുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്. മുൻ പരിചയ സർട്ടിഫിക്കറ്റ് എന്നിവ വേണം,കരാർ തുകയുടെ 10%, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കണം, സൂപ്പർ വൈസറി ലൈസൻസ് ഉണ്ടായിരിക്കണം എന്നെല്ലാം ഉള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നത് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഫയലില്ല. റിപ്പയർ ചെയ്ത തെരുവിളക്കുകളെ സംബന്ധിച്ച രേഖകളോ, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കും വരെയ്ക്കും ചെലവുതുക 75000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3.പ്രോജക്റ്റ് നം.87/19

പ്രോജക്റ്റിന്റെ പേര് – ബോധനം

ബിൽ നം 26/18-19 തിയ്യതി 15-10-18 തുക 15416

ബിൽ നം 53/18-19 തിയ്യതി 21-2-19 തുക 2306

ബിൽ നം 61/18-19 തിയ്യതി 26-2-19 തുക 50000

ബിൽ നം 87/18-19 തിയ്യതി 22-3-19 തുക 1205

ബിൽ നം 70/18-19 തിയ്യതി 15-3-19 തുക 1127

ബിൽ നം 37/18-19 തിയ്യതി 13-12-18 തുക 2262

A.മേൽ ബില്ലുകൾ പ്രകാരം സുജീവനം ഉദ്യാനത്തിലെ അറിവകത്തിൽ പത്രമാസികകൾ, ആനുകാലികങ്ങൾ എന്നിവ വാങ്ങുന്നതിനായി ശ്രീ.പ്രദീപ്.പി.കെ എന്നവർക്ക് 11506 രൂപ നൽകിയിട്ടുണ്ട്. 2018-19 വർഷത്തെ പദ്ധതി, സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാൻ വ്യവസ്ഥ ഇല്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയക്ക് അനുസൃതമാകാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

B.പത്താം തരം തുല്യതയ്ക്ക് രജിസ്റ്റർ ചെയ്ത 5 പേരുടെ രജിസ്ട്രേഷൻ ഫീസിനത്തിൽ 9250 രൂപ സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്.പഠിതാക്കളുടെ അറ്റൻറൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കും വരെയ്ക്കും ചെലവു തുക 9250 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

4.പ്രോജക്റ്റ് നം -1/19

പ്രോജക്റ്റിന്റെ പേര് - ഐ കെ എം വിഹിതം

ബിൽ നം 19/18-19 തിയ്യതി 04-9-18 തുക 29646

ഐ കെ എം ന് വിഹിതം ആയി മേൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലില്ല. ആയത് ലഭ്യമാക്കും വരെയ്ക്കും ചെലവുതുക 29646 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

5.പ്രോജക്റ്റ് നം -70/19

പ്രോജക്റ്റിന്റെ പേര് – അറിവകം രണ്ടാം ഘട്ടം പ്രവർത്തികൾ

ബിൽ നം 42/18-19 തിയ്യതി 14-1-19 തുക 52400

ബിൽ നം 66/18-19 തിയ്യതി 4-3-19 തുക 90000

ബിൽ നം 66/18-19 തിയ്യതി 4-3-19 തുക 80000, ആകെ 2,22,400/-

അറിവകത്തിൽ ഇലക്ട്രിഫിക്കേഷൻ, സീലിങ്ങ്, കബോർഡ് പ്രവർത്തികൾ നടത്തുന്നതിനായി കോസ്റ്റ് ഫോർഡിന് നിയമാനുസൃത ഡിഡക്ഷൻ കഴിഞ്ഞ് 211280 രൂപ മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. 27-3-19 തിയ്യതിയിലെ A 2-1109/19 നമ്പർ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഫൈനൽ ബിൽ തുക 201056 രൂപയാണ്. അധികം കൈപ്പറ്റിയ 10224 രൂപ കോസ്റ്റ് ഫോർഡിൽ നിന്നും തിരികെ ഈടാക്കുന്നത് വരെയ്ക്കും ചെലവ് തുക 222400രൂപ തടസ്സത്തിൽ വയ്ക്കുന്നു.

6.പ്രോജക്റ്റ് നം -3/19

പ്രോജക്റ്റിന്റെ പേര് - കമ്പ്യൂട്ടർ എ എം സി

ബിൽ നം 79/18-19 തിയ്യതി 22-3-19 തുക 43100

മേൽ പദ്ധതി പ്രകാരം കെൽട്രോണിന് കമ്പ്യൂട്ടർ എ എം സി കരാർ റിന്യൂ ചെയ്ത് നൽകിയിട്ടുണ്ട്. ആയതു പ്രകാരം 11 കമ്പ്യൂട്ടറുകളുടെ എഎം സി പ്രവർത്തി നടത്തുന്നതിനായി invoice no.ITBG/18-19/9279/CHO/525 DT-22-3-29ന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്. ടി കമ്പ്യൂട്ടറുകൾ വാങ്ങിയ വർഷം, വാറണ്ടി കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലില്ല.ആയതു ലഭ്യമാക്കും വരെയും ചെലവ് തുക 43100 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

7.പ്രോജക്റ്റ് നം -121/19

പ്രോജക്റ്റിന്റെ പേര് - പട്ടിക ജാതി കോളനികളിൽ തെരുവിളക്കുകൾ സ്ഥാപിയ്ക്കൽ

ബിൽ നം 44/18-19 തിയ്യതി 14-1-19 തുക 392285

നിലവിലെ ബൾബുകൾ മാറ്റി ഊർജ്ജം സംരക്ഷിക്കുന്നതിന് നിലവിലെ ബൾബുകൾ മാറ്റി LED ബൾബുകൾ സ്ഥാപിയ്ക്കുന്നതിനായി ആർട്കോയിൽ നിന്നും 153 എണ്ണം LED ബൾബുകൾ വാങ്ങിയിട്ടുണ്ട്. 2018-19 വർഷത്തെ പദ്ധതി മാർഗ്ഗരേഖ പ്രകാരം വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത എന്നീ പൊതു സൗകര്യപ്രോജക്റ്റുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% ലധികം പട്ടിക ജാതിക്കാരാണെങ്കിൽ മാത്രമെ scp ഫണ്ട് വിനിയോഗിയ്ക്കാൻ കഴിയൂ. ചൊവ്വന്നൂർ പട്ടിക ജാതി വികസന ഓഫീസർ സാക്ഷ്യപത്ര പ്രകാരം പട്ടിക ജാതി സങ്കേതങ്ങളുടെയും കുടുംബങ്ങളുടെയും എണ്ണം മാത്രമെ രേഖപെടുത്തിയിട്ടുള്ളൂ ആയത് ടി പ്രദേശത്തെ മൊത്തം ജനസംഖ്യയുടെ 50% ലധികം അധികരിയ്ക്കുന്നുണ്ടോ എന്നുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല. ടി വിവരം ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ നടപടികൾ കൂടാതെ ആർട്കോയിൽ നിന്നും സ്ട്രീറ്റ് ലൈറ്റ് വാങ്ങാമെന്നുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്. പുതിയ ബൾബുകൾ സ്ഥാപിച്ചപ്പോൾ പഴയവ വാങ്ങി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കും വരെയ്ക്കും ചെലവുതുക 392285രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-27 വി ഇ ഒ നിർവഹണോദ്യോഗസ്ഥനായ പദ്ധതി നടത്തിപ്പിലെ അപാകതകൾ

I.പ്രോജക്ട് നം-11/19

പ്രോജക്റ്റിന്റെ പേര് – വനിത വ്യക്തിഗത തൊഴിൽ സംരംഭത്തിന് സബ്സിഡി

ബിൽ നം36/18-19 തിയ്യതി 15-3-19 തുക50000

ബിൽ നം21/18-19 തിയ്യതി 28-11-19 തുക200000

ബിൽ നം23/18-19 തിയ്യതി 29-12-19 തുക100000

ബിൽ നം24/18-19 തിയ്യതി 23-1-19 തുക100000

ബിൽ നം35/18-19 തിയ്യതി 15-3-19 തുക100000

മേൽ പദ്ധതി പ്രകാരം 11 പേർക്ക് വ്യക്തിഗത തൊഴിൽ സംരഭം ആരംഭിയ്ക്കാൻ 50000 രൂപ ബാക്ക് എൻഡഡ് സബ്സിഡി ആയി അനുവദിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് കണ്ട അപാകതകൾ താഴെ പറയുന്നു.

1.തുക കൈപ്പറ്റിയ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2.തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വായ്പ തുക തിരികെ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുതകുന്ന രേഖ, സനില, കോട്ടകുളങ്ങര വീട് എന്ന ഗുണഭോക്താവ് മാത്രമാണ് ലഭ്യമാക്കിയത്.

3.സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്വയം തൊഴിൽ ആരംഭിയ്ക്കുന്നതിന് സർക്കാരിൽനിന്നോ മറ്റ് ഏജൻസികളിൽ നിന്നോ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്, ആയത് ഉറപ്പുവരുത്താനുതകുന്ന രേഖ ഫയലില്ല.

4..ബിൽ നം 35 പ്രകാരം രാധ സി ആർ, ചൊവ്വന്നൂർ വീട് എന്നവർക്ക് 37608335402എന്ന എസ് ബി അക്കൗണ്ടിലേക്ക് 50000 രൂപ കൈമാറിയിട്ടുണ്ട്. ടിയാരി ലഭ്യമാക്കിയ രേഖ പ്രകാരം ടിയാരിക്ക് അനുവദിച്ചിട്ടുള്ളത് സ്വർണ്ണ പണയത്തിൻ മേലുള്ള കാർഷിക വായ്പയാണ്. ഇത്തരത്തിൽ സർക്കാരിൽനിന്നുള്ള സബ്സിഡി തുക സ്വർണ്ണ പണയവായ്പയിലേക്ക് കൈമാറിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. .

5.സുശാൽ, ചീരൻ ഹൗസ് ചൊവ്വന്നൂർ എന്നവർക്ക് സബ്സിഡിയായി തുക 37608335402എന്ന എസ് ബി ഐ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ബാങ്കിൽ നിന്നും ലഭ്യമാക്കിയ sme ലോണുകളെ കുറിച്ചുള്ള letter of arrangement ആണ് ഫയലിലുള്ളത്. ടിയാരിക്ക് അനുവദിച്ചിട്ടുള്ള സ്വയം തൊഴിൽ വായ്പയുടെ വിശദാംശങ്ങളും വായ്പയിലേക്കുള്ള തിരിച്ചടവിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നതു വരെയ്ക്കും ചെലവു തുക 500000 രൂപ തടസ്സപ്പെടുത്തുന്നു

II. പ്രോജക്റ്റ് നം-113/19

പ്രോജക്റ്റിന്റെ പേര്-വീട് വാസയോഗ്യമാക്കൽ (എസ് സി)

ബിൽ നം37/18-19 തിയ്യതി 21-3-19 തുക60221.

1.മേൽ ബിൽ പ്രകാരം സീത എന്നവർക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ടിയാരിയുടെ അപേക്ഷ,അനുബന്ധ രേഖകൾ, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലില്ല.

2.2017-18 വർഷത്തിൽ വേലായുധൻ കുന്നംകാട്ടിൽ എന്നവർക്ക് 37500 രൂപ വീട് വാസയോഗ്യമാക്കലിനായി അനുവദിച്ചിട്ടുള്ളതാണ്. ടിയാൻ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലില്ല. പ്രവർത്തി നടത്താത്ത പക്ഷം സബ്സിഡി തുക തിരികെ അടവാക്കേണ്ടതാണ്.

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 3/28-10-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •
ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •
  ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.08.19 | കെ.എസ്.എ.ടി.എസ്.ആർ.എസ്1-1120/19(12) തീ.26/08/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | 41/19 കുറുനെല്ലിപറമ്പ് റോഡ് | 290198 | 9802 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | 40/19 മുതിരംപറമ്പ് റോഡ് | 277315 | 22685 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 250000 | 42/19 ആലുംപറമ്പ് കോളനി റോഡ് | 216580 | 33420 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | 39/19 മണ്ടുമ്പാൽ റോഡ് കോൺക്രീറ്റിംഗ് | 318611 | 81389 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | 24/19 പാലിയേറ്റിവ് കെയർ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | 97/19 ഭിന്നശേഷി സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 700000 | 10/19 ലൈഫ് (ജനറൽ) | 699698 | 302 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | 8/19 ലൈഫ്(എസ് സി) | 0 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | 86/19 സമഗ്ര സെൽകൃഷി വികസനം | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 0 | 26/19 അംഗൻവാടി പോഷകാഹാരം | 197679 | 0 |
| | | | ഓപ്പണിങ്ബാലൻസ്-2985979<br>വരവ് (2018-19) -2850000<br>ആകെ -5835979 | | |

| | | | | | |
|---|---|---|---|---|---|
| | | | ചിലവ് -2750081<br>ബാലൻസ് -3085898 | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | 32/19 മോഹൻതോമസ് റോഡ് | 418556 | 81444 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | 35/19 പോട്ടക്കുളം കോൺക്രീറ്റിംഗ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 620578 | 36/19 എൻ എസ് കരയോഗം റോഡ് | 597429 | 23149 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 770135 | 38/19 പണ്ടാരപ്പറമ്പ് റോഡ് | 764219 | 5916 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | 86/19 -സമഗ്ര നെൽകൃഷി വികസനം | 500000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | 92/19 – സമഗ്ര പച്ചക്കറി വികസനം | 50000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | 26/19- അങ്കണവാടി പോഷകം | 220532 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | 59/19ഉദയനഗർ ഒഴുക്കുംപാറ റോഡ് | 469088 | 30912 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | 61/19 വായനശാല റോഡ് | 199608 | 392 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | 62/19 പിഎച്ച്സി ബൈലൈൻ റോഡ് | 299834 | 166 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | 24/19 പാലിയേറ്റീവ് കെയർ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 185000 | 75/19 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം | 185000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | 12/19 സ്ട്രീറ്റ് മെയിൻ എസ്റ്റൻഷൻ | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 400000 | 37/19 സഭാമഠം കിഴക്കേപാടം റോഡ് | 353972 | 46028 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 900000 | 48/19 പഴുന്നാന മാന്തോപ്പ് റോഡ് | 685921 | 214079 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 491762 | 10/19 ലൈഫ് (ജനറൽ) | 491762 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | 97/19 ഭിന്നശേഷി സ്കോളർഷിപ്പ് | 90700 | 9300 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3,00,000 | 120/19 – 8-ാം നമ്പർ അങ്കണവാടി | 299926 | 411386 |
| ആകെ | | | | 9126628 | |

വാർഷിക കണക്ക പ്രകാരം മുൻബാക്കി ഉൾപ്പെടെ ബ്ലോക്ക്, ജില്ലാ വിഹിതങ്ങളുടെ വരവ് യഥാക്രമം 5835979/- രൂപയും 6579375/- രൂപയും ആണ്. എന്നാൽ ലഭ്യമാക്കിയ കണക്കുകൾ വാർഷിക കണക്കിലെ ഈയിനത്തിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1.)കോസ്റ്റ് ഫോർഡ് | അറിവകം രണ്ടാംഘട്ടം (70/19) | 1.21800862/31/12/18(52400) 2.21801025/8/3/19(90000) 21801061/13/3/19(80000) | 222400 | 201056 | 21344 |
| 2.)കോസ്റ്റ് ഫോർഡ് | സിനിയേഴ്സ് കോർണർ(66/19) | 1.21800861/31/12/2018(124000), 2.21801024/8/3/19(90000) | 214000 | 214000 | 0 |

2018-19 വാർഷിക കണക്കുകളിലെ B-18 ഷെഡ്യൂൾ പ്രകാരം 4394529/- രൂപ വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി നൽകിയതിൽ ചെലവഴിയ്ക്കാതെ നീക്കിയിരിപ്പുണ്ട്. എന്നാൽ 21344/- രൂപ മാത്രമാണ് ലഭ്യമായ വിവരങ്ങൾ പ്രകാരം ചെലവഴിയ്ക്കാൻ ബാക്കിയുള്ളത്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1.)ഇ.എം എസ് ഭവന പദ്ധതി | G.O 1697/2011 dt.15.07.2011 | 3697500/- (ലഭ്യമായത്) | 322500/- | 322500/- (മുതൽ) | | 0 |
| 2.)LIFe Mission Housing Scheme | G.O (MS) no.11/2018/LSGD dt.13.08.2018 | 3,980,000/- (ലഭ്യമായത്) | 0 | 0 | | 3,980,000/- |

# 4-6 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | Rs.5000/- | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെRs.5000/- | Rs.5000/- | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | Rs.5000/- | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക Rs.5000/- |

| | | | |
|---|---|---|---|
| | 1 Share worth Rs.5000/- at the Trichur Co-Operative Spinning Mill Ltd.,P O Vazhani , Thrissur | Share worth Rs.5000/- | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2017-18 | 2.6 | 222 | സെക്രട്ടറി, കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ് | Rt.no.118030102878 dt.05/02/2019 |
| 2017-18 | 2.6 | 222 | പ്രദീപ് വെട്ടത്ത് , കൊട്ടില്ലിങ്കൽ | Rt.no.118030102711 dt.30/01/2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം തൊഴിൽ നികുതി അപാകതകൾ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1) | 2014-15 | 2016-17 | 2.3 | തൊഴിൽ നികുതി അപാകത | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2) | 2014-15 | 2016-17 | 2.3 | തൊഴിൽ നികുതി അപാകത | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57662869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50007969 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1526518 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22-1 | 9186 | ശ്രീമതി. ലളിത.വി.പി. |
| 1-22-3 | 104986 | ശ്രീമതി.ലളിത വി.പി,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-22-4 | 114205 | ശ്രീമതി.ലളിത വി.പി,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-26-1A | 7056 | ശ്രീ.ജോൺ.പി.ആർ,സെക്രട്ടറി |
| 1-26-1B | 19404 | ശ്രീ.ജോൺ.പി.ആർ,സെക്രട്ടറി |
| 1-26-2 | 75000 | ശ്രീ.ജോൺ.പി.ആർ,സെക്രട്ടറി |
| 1-26-3B | 9250 | ശ്രീ.ജോൺ.പി.ആർ,സെക്രട്ടറി |
| 1-26-4 | 29646 | ശ്രീ.ജോൺ.പി.ആർ,സെക്രട്ടറി |
| 1-26-5 | 222400 | ശ്രീ.ജോൺ.പി.ആർ,സെക്രട്ടറി |
| 1-26-6 | 43100 | ശ്രീ.ജോൺ.പി.ആർ,സെക്രട്ടറി |
| 1-26-7 | 392285 | ശ്രീ.ജോൺ.പി.ആർ,സെക്രട്ടറി |
| 1-27-1 | 500000 | രജന ടി.ആർ,വി.ഇ.ഒ. |
| ആകെ | 1526518 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും
ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1974-75 | എൽ.എഫ്.ടി.10-1899/82/ 02.08.82 |
| 1975-76 | എൽ.എഫ്.ടി. 10-1906/82/ 02.08.82 |
| | |

| | |
|---|---|
| 1978-79 | എൽ.എഫ്.ടി. 10-1903/82/ 02.08.82 |
| 1979-80 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| 1980-81 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| 1981-82 | എൽ.എഫ്.ടി. 10-1484/85/ 10.09.85 |
| 1982-83 | എൽ.എഫ്.ടി. 10-1080/87/ 05.01.88 |
| 1984-85 | എൽ.എഫ്.ടി. 10-722/28.03.90 |
| 1985-86 | എൽ.എഫ്.ടി. 10-1791/21.05.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10-659/92/ 13.07.92 |
| 1988-89,89-90 | എൽ.എഫ്.ടി. 10-1587/14.05.93 |
| 1990-91 | എൽ.എഫ്.ടി. 10-1811/94/ 21.08.95 |
| 1991-92 | എൽ.എഫ്.ടി. 10-1544/93/ 18.05.94 |
| 1992-93, 93-94 | എൽ.എഫ്.ടി. 10-735/95/ 08.12.95 |
| 1994-95,95-96 | എൽ.എഫ്.ടി. (എസ്2)-785/11/ 20.07.11 |
| 1996-97(ചെലവ്) | എൽ.എഫ്.ടി. 10-1012/98/ 12.02.99 |
| 1996-97(വരവ്) | എൽ.എഫ്.ടി. 10-480(എ)/03/ 05.09.03 |
| 1997-98 | എൽ.എഫ്.ടി. 10-480/03/ 06.06.03 |
| 1998-99 | എൽ.എഫ്.ടി. 10-2113/06/ 15.05.07 |
| 1999-2000 | എൽ.എഫ്.ടി. 10-2114/06/ 10.04.07 |
| 1999-2000, 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.ടി. 10-1372/03/ 07.01.04 |
| 2000-2001 | എൽ.എഫ്.ടി. 10-2115/10.04.07 |
| 2001-02 | എൽ.എഫ്.ടി. 10-2116/10.04.07 |
| 2002-03 | എൽ.എഫ്.ടി. 10/1270/ 08/07.09.09 |
| 2003-04 | എൽ.എഫ്.ടി. 10-1271/08/ 07.09.09 |
| 2004-05 | എൽ.എഫ്.ടി. 10-2600/08/ 16.04.10 |
| 2005-06 | എൽ.എഫ്.ടി. 10-692/09/ 17.06.10 |
| 2006-07 | എൽ.എഫ്.ടി.10-693/09/ 23.07.10/16.08.10 |
| 2007-08 | എൽ.എഫ്.ടി.10-1148/01.03.11 |
| 2008-09 | എൽ.എഫ്.ടി.10-1149/01.03.11/ 13.10.11 |
| 2009-10 | എൽ.എഫ്.ടി.(പി2)-368/12/ 09.04.12/ 05.04.12,1981-82 മുതൽ 92-93 &93-94 വരെ അദാലത്തിൽ മറുപടിയില്ല |
| 2010-11 | എൽ.എഫ്.ടി. (പി2)369/12/ 09.04.12/ 05.07.12 |
| 2011-12 | എൽ.എഫ്.ടി. (പി6)/12)33/ 13/08.11.13 |
| | |

| | |
|---|---|
| 2012-13 | എൽ.എഫ്.ടി. (പി6)/373/14/ 11.08.14/17.09.14 |
| 2013-14 | എൽ.എഫ്.ടി.(പി9)/258/15/07/ 05/2015/ 08.05.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി9)916/2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി9)1731/2016/ 18.11.16/05.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി9)1316/2017/ 23.11.17/30.11.17 |
| 2017-18 | കെ.എസ്.എടി.എസ്.ആർ(പി6)1588 /2018 07.12.18/07.01.19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ